മൃഗസംരക്ഷണ വകുപ്പ് മാംസത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) ആട്,പന്നി,മുയൽ തുടങ്ങി മാംസത്തിനായി ഉപയോഗിക്കുന്ന മൃഗങ്ങളുടെ വർദ്ധനവിനുള്ള പദ്ധതി

(ii) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ഇറച്ചിക്കോഴി വളർത്തലിലും കെ.എൽ.ഡി.ബോർഡ്, എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ ആട്. പന്നി എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനും നടപടി സ്വീകരിച്ചു.

(iii) കെ.എസ്.പി.ഡി.സി., എം.പി.ഐ. എന്നീ സ്ഥാപനങ്ങൾ മാംസ വിപണനത്തിലും ഏർപ്പെട്ടുവരുന്നു.

(ബി) ഉണ്ട്. വിവരം ചുവടെ ചേർക്കുന്നു:

	പാൽ	മുട്ട	മാംസം
	(ലക്ഷം ലിറ്റർ)	(ലക്ഷം)	(ടൺ)
പ്രതിദിന ആവശ്യം	78.86	140	840
പ്രതിദിന ഉല്പ്പാദനം	69.5	44.6	602

(സി) നിലവിൽ പാൽ,മുട്ട,മാംസം എന്നിവയുടെ പ്രതിദിന ഉല്പാദനം പ്രതിദിന ഉപഭോഗത്തേക്കാൾ കുറവാണ്. ഈ കുറവ് പരിഹരിക്കുന്നതിന് ഇപ്പോൾ അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പഠിച്ചുവരികയാണ്.

(ഡി) ഉത്തരം (എ) യിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളെല്ലാം പൂർണ്ണതയിലെത്തുമ്പോൾ ഈ അന്തരം പരിഹരിക്കുവാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി

141(1398) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും അപേക്ഷാ ഫീസ് എത്രയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിശ്ചിതയോഗ്യതയുള്ളവരുടെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; അതു പ്രകാരം ഇന്റർവ്യൂ നടത്തുകയുണ്ടായോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇന്റർവ്യൂവിനുശേഷം സെലക്ട് ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഡി) എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും, 2011-ൽ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) സെലക്ട് ലിസ്റ്റിൽ നിന്നും, നിലവിലെ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം 30/10/2010-ന് പുറപ്പെടുവിച്ചിരുന്നു. അപേക്ഷാ ഫീസ് 1000 രൂപയായിരുന്നു.

(ബി-ഇ) നിലവിലുള്ള ആകെ 2 ഒഴിവുകളിലേക്കായി കേവലം 4 അപേക്ഷകർ മാത്രമാണുണ്ടായിരുന്നത് അവരാകട്ടെ കമ്പനിയ്ക്കാവശ്യമുള്ള നിലവാരത്തിലുള്ള പരിജ്ഞാനം ഇല്ലാത്തവരുമായിരുന്നു. അതിനാൽ അവരെ നിയമിക്കാൻ അർഹതയില്ലാത്തതിനാൽ ഒഴിവുകൾ മൃഗസംരക്ഷണ വകുപ്പിലെ മികവുറ്റ ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള നടപടി

142(1388) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എത്ര മൃഗാശുപത്രികളും ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ ഒരു പഞ്ചായത്തിൽ എത്ര വീതം എന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) പല പഞ്ചായത്തുകളിലും വളരെ ദൂരം താണ്ടിയാണ് കർഷകർ കന്നുകാലികളെ ഇത്തരം കേന്ദ്രങ്ങളിൽ എത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly